# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 869 11.06.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) വാട്ടർ അതോറിറ്റിയിലെ ഐ.ടി വിഭാഗത്തിൽ ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെപറയുന്ന പ്രവൃത്തികൾ വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. വാട്ടർ അതോറിറ്റിയിലെ ഭാവി ഐ.ടി. പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന ഐ.ടി.മാസ്റ്റർ പ്ലാൻ.

2. ഓഫീസ് ജോലികളിൽ പേപ്പർ ഫയലിന്റെ ഉപയോഗം കുറച്ച് ഡിജിറ്റേലെസ് ചെയ്ത് ഉപയോഗിക്കുന്ന രീതിയായ ഡിജിറ്റൽ ഡോക്ക്യുമെന്റ് ഫയലിംഗ് സിസ്റ്റം (DDFS).

3. ജീവനക്കാരുടെ അറ്റെൻഡെൻസ് ബയോമെട്രിക് പഞ്ചിങ് ഉപയോഗിച്ച് സമയം അടിസ്ഥാനമാക്കി ഓരോ മാസവും അറ്റെൻഡെൻസ് തയ്യാറാക്കുന്നതിനുവേണ്ടി ഇത് പ്രാരംഭ ഘട്ടമായി ജലഭവൻ ക്യാമ്പസിലും ഒബ്സർവേറ്ററി ക്യാമ്പസിലും നടപ്പിലാക്കി വരുന്നു.

4. വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് സോഫ്ട്‌വെയർ ABACUS നടപ്പിലാക്കുന്നതിനു വേണ്ടി കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തി ഉപഭോക്താക്കൾക്ക് ഓൺലൈൻ ബാങ്കുകൾ, പോസ്റ്റ് ഓഫീസ്, ജനസേവനകേന്ദ്രം, അക്ഷയ സെന്ററുകൾ എന്നിവയിലൂടെ വെള്ളക്കരം അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പ്രവർത്തി.

5. സി.സി.ടി.വി. -ജലഭവൻ ക്യാമ്പസിന്റെയും ഒബ്സർവേറ്ററി ക്യാമ്പസിന്റെയും ഫിൽറ്റർ ഹൗസിന്റേയും നിരീക്ഷണത്തിനുവേണ്ടി - പദ്ധതി നടപ്പിലാക്കി വരുന്നു.

6. നെറ്റ് വർക്ക് ഡിസൈൻ സോഫ്ട്‌വെയർ - ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

7. സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ഇ ആർ പി (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) - 29/05/2014-ൽ കേരള വാട്ടർ അതോറിറ്റി വർക്ക് ഓർഡർ നൽകി.

8. വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ തൽസമയ പ്രവർത്തന പുരോഗതി ജനപ്രതിനിധികൾക്കും പൊതുജനത്തിനും മറ്റ് ഏജൻസികൾക്കും ലഭ്യമാക്കത്തക്ക വിധത്തിൽ പുതിയ സോഫ്ട്‌വെയർ (PASK) വികസിപ്പിച്ച് നടപ്പിലാക്കി.

9. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ലബോറട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS) നടപ്പിലാക്കി.

10. STEPS, MARCH, O&M എന്നിവ നടപ്പിലാക്കി.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

(ബി)

1. ഐ.ടി.മാസ്റ്റർ പ്ലാൻ - 8,84,835/- രൂപ.

2. ഡിജിറ്റൽ ഡോക്ക്യുമെന്റ് ഫയലിംഗ് സിസ്റ്റം (DDFS) - 52,54,958/- രൂപ

3. ബയോമെട്രിക് അറ്റൻഡൻസ് പഞ്ചിംഗ് - 3,65,234/- രൂപ .

4. ABACUS നടപ്പിലാക്കുന്നതിനു വേണ്ടി കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങിക്കുന്നതിനു വേണ്ടി - 5,32,18,470/- രൂപ.

5. സി.സി.ടി.വി. - ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

6. നെറ്റ് വർക്ക് ഡിസൈൻ സോഫ്ട് വെയർ - ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

7. സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ഇ ആർ പി (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) - ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

8. ഡാറ്റാ ഡിജിറ്റലൈസേഷന് വേണ്ടി കെൽട്രോണിന് നല്കിയത് 89,00,000/- രൂപ.

9. e-Abacus വികസനത്തിനായി മാൻപവർ ലഭ്യമാക്കിയതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NILSI ക്കു നല്കിയത് - 95,00,000/- രൂപ.

10. LIMS സോഫ്ട് വെയറിനുവേണ്ടി നല്കിയത് - 27,00,000/- രൂപ.

11. PASK, O&M, MARCH, STEPS എന്നിവയുടെ വികസനത്തിനായി നല്കിയത് - 15,00,000/- രൂപ.

(signature)

സെക്ഷൻ ഓഫീസർ